REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-01-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യൻ പ്രവാസികൾ ലോകമെമ്പാടും മികവ് പുലർത്തിയവരാണെന്നും, അവരുടെ നേട്ടങ്ങൾ രാജ്യത്തിന് അഭിമാനമാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പ്രവാസി തീർത്ഥദർശൻ യോജനയിൽ, പ്രവാസി ഭാരതീയ എക്സ്പ്രസിന്റെ ആദ്യ യാത്ര പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.**
- **രണ്ടു ദിവസത്തെ സംസ്ഥാന സന്ദർശനത്തിന് കേന്ദ്ര സഹമന്ത്രി ഡോ. L. മുരുകൻ കൊച്ചിയിലെത്തി.**
- **പെരിയ കൊലക്കേസിലെ നാല് CPIM നേതാക്കൾ ജയിൽ മോചിതരായി.**
- **ശബരിമലയിൽ തീർഥാടകപ്രവാഹം. തിരക്ക് നിയന്ത്രിക്കാൻ പ്രത്യേക ക്രമീകരണങ്ങൾ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി 18-ാമത് പ്രവാസി ഭാരതീയ ദിവസ് കൺവൻഷൻ ഒഡീഷ്യയിലെ ഭുവനേശ്വറിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ പ്രവാസികൾ ലോകമെമ്പാടും മികവ് പുലർത്തിയവരാണെന്നും അവരുടെ നേട്ടങ്ങൾ രാജ്യത്തിന് അഭിമാനമാണെന്നും നരേന്ദ്രമോദി പറഞ്ഞു.

ഇന്ത്യ ജനാധിപത്യത്തിന്റെ മാതാവ് മാത്രമല്ല, ജനാധിപത്യം രാജ്യത്തിന്റെ ജീവിതരീതി തന്നെയാണെന്നും ചടങ്ങിൽ പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. പ്രവാസി തീർത്ഥദർശൻ യോജനയ്ക്ക് കീഴിലെ പ്രത്യേക ടൂറിസ്റ്റ് ട്രെയിൻ, പ്രവാസി ഭാരതീയ എക്സ്പ്രസിന്റെ ഉദ്ഘാടന യാത്ര പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. ഡൽഹിയിലെ നിസാമുദ്ദീൻ റെയിൽവേസ്റ്റേഷനിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ ഇന്ത്യൻ പ്രവാസികളുമായി തീർത്ഥാടന സഞ്ചാരകേന്ദ്രങ്ങളിൽ മൂന്നാഴ്ച സഞ്ചരിക്കും.

50-ലധികം രാജ്യങ്ങളിലെ പ്രതിനിധികൾ പ്രവാസി ഭാരതീയ ദിവസ് കൺവെൻഷനിൽ പങ്കെടുക്കുന്നുണ്ട്. "വികസിത് ഭാരതത്തിന് പ്രവാസികളുടെ സംഭാവന" എന്ന വിഷയം അടിസ്ഥാനമാക്കി ഇന്നലെ ആരംഭിച്ച കൺവൻഷൻ നാളെ സമാപിക്കും.

കൺവെൻഷന്റെ സമാപന ചടങ്ങിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു വൈകിട്ട് ഭുവനേശ്വറിലെത്തും. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച ഇന്ത്യൻ പ്രവാസികൾക്ക് രാഷ്ട്രപതി പ്രവാസി ഭാരതീയ സമ്മാൻ വിതരണം ചെയ്യും.

✪✪✪

ഏതാനും വർഷങ്ങൾക്കുള്ളിൽ രാജ്യം ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി ഉയരുമ്പോൾ പരിസ്ഥിതി സംരക്ഷണത്തിന് പ്രാമുഖ്യം നൽകേണ്ടത് അത്യാവശ്യമാണെന്ന് കേന്ദ്ര സഹമന്ത്രി ഡോ. L. മുരുകൻ പറഞ്ഞു.

കൊച്ചി വടുതല ചിന്മയ വിദ്യാലയത്തിൽ കവയത്രി സുഗതകുമാരിയുടെ നവതിയോട് അനുബന്ധിച്ച് സുഗത സൂക്ഷ്മ വനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. വൃക്ഷങ്ങൾ വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും യുവതലമുറ മുന്നോട്ടുവരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

സുഗതകുമാരിയുടെ നിരന്തര പോരാട്ടത്തിന്റെ ഫലമാണ് സൈലന്റ് വാലി ഇന്നും നിലനിൽക്കുന്നതെന്നും, അട്ടപ്പാടിയിലെ കൃഷ്ണ വനം രൂപം കൊണ്ടതെന്നും, ചടങ്ങിനെ അഭിസംബോധന ചെയ്ത മുൻ മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ പറഞ്ഞു.

നവതിയുടെ ഭാഗമായി 90 വൃക്ഷ തൈകൾ നടുന്ന ചടങ്ങിലും കേന്ദ്ര സഹമന്ത്രി പങ്കെടുത്തു.

✪✪✪

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അംബാനിയുടെ കമ്പനിയിൽ പണം നിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് KFC നൽകിയ വിശദീകരണം പച്ചക്കള്ളമാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ ആരോപിച്ചു. നിക്ഷേപം റിസർവ് ബാങ്കിന്റേയും SEBI യുടേയും അംഗീകാരമില്ലാത്ത NCD-യിലാണെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. നിക്ഷേപം അപകടകരമാണെന്ന ക്രെഡിറ്റ് വാച്ച് മുന്നറിയിപ്പ് ലഭിച്ചിട്ടും അത് മറികടന്നാണ് കോടികൾ നിക്ഷേപിച്ചതെന്നും ഇത് അഴിമതിയാണെന്നും പ്രതിപക്ഷനേതാവ് അഭിപ്രായപ്പെട്ടു.

✪✪✪

കേരള നിയമസഭ അന്താരാഷ്ട്രപുസ്തകോത്സവം മൂന്നാം ദിവസത്തിലേക്ക് കടന്നു. ഒരു ജനാധിപത്യവാദിയുടെ ആകുലതകൾ എന്ന വിഷയത്തിൽ രാവിലെ സംഘടിപ്പിച്ച പ്രഭാഷണത്തിൽ പ്രതിപക്ഷനേതാവ് VD സതീശൻ പങ്കെടുത്തു. യുവ തലമുറയും ഗതാഗതനിയമങ്ങളും എന്ന വിഷയത്തിൽ മന്ത്രി KB ഗണേഷ്കുമാർ ഇന്ന് സംസാരിക്കും. വിവിധ വിഷയങ്ങളിൽ M സ്വരാജ്, KS ശബരീനാഥൻ, ഡോ. ദിവ്യ S. അയ്യർ, സുനിൽ P ഇളയിടം എന്നിവരും പ്രഭാഷണം നടത്തും.

✪✪✪

പാകിസ്ഥാനെതിരെ നാല് യുദ്ധങ്ങളിൽ പങ്കെടുത്ത ധീരസേനാനി ഹവിൽദാർ ബൽദേവ് സിംഗിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അഗാധ ദുഃഖം അറിയിച്ചു. 93-ാമത്തെ വയസ്സിൽ ജമ്മുകശ്മീരിലെ രജൗരിയിലെ വസതിയിൽ ഈമാസം ആറിനായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. ധീരതയുടേയും രാജ്യസ്നേഹത്തിന്റേയും ആൾരൂപമായിരുന്നു ബൽദേവ് സിംഗെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ഇതിഹാസ സമാനമായ ആ ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം.

...........വോയ്സ്...........

ബൽദേവ് സിംഗിന്റെ ജീവിതം ഇന്ത്യയിൽ ജനിച്ച ഓരോരുത്തരേയും രോമാഞ്ചമണിയിക്കുന്നതാണ്. ദേശസ്നേഹത്തിന്റേയും ധീരതയുടേയും വീരഗാഥയാണ് അദ്ദേഹത്തിന്റെ ജീവിതം. 1931 സപ്തംബർ 27ന് നൗവ്നിഹാൽ ഗ്രാമത്തിൽ ജനിച്ച ബൽദേവ് 16-ാം വയസ്സിൽ ബാലസേനയിൽ അംഗമായി. 50 പാരാ ബ്രിഗേഡിന്റെ കമാൻഡറായിരുന്ന ബ്രിഗേഡിയർ ഉസ്മാനായിരുന്നു ബാലസേനയുടെ നേതൃത്വം. നൗഷേരയിലേയും ജാംഗറിലേയും യുദ്ധത്തിൽ ബൽദേവും സേവനമനുഷ്ഠിച്ചു. ഇന്ത്യൻ സേനയ്ക്ക് നിർണായക സമയങ്ങളിൽ അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുകയായിരുന്നു ബാലസേനയുടെ ദൗത്യം.

അവരുടെ ധിരതയും അർപ്പണബോധവും കണക്കിലെടുത്ത് യുദ്ധാനന്തരം അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ബാല സൈനികർക്ക് ഗ്രാമഫോണും വാച്ചും ഉൾപ്പടെ ഉപഹാരങ്ങൾ സമ്മാനിച്ചു. പിന്നീട് സൈന്യത്തിൽ ചേരാൻ അവർക്ക് അവസരം നൽകുകയും ചെയ്തു. 1950 നവംബർ 14ന് അദ്ദേഹം കരസേനയിൽ ചേർന്നു. 1961-62, 1965 വർഷങ്ങളിൽ പാകിസ്ഥാനെതിരായ യുദ്ധത്തിൽ അദ്ദേഹം പോരാടി. 1969 ഒക്ടോബറിൽ സൈന്യത്തിൽ നിന്ന് വിരമിച്ചെങ്കിലും 71ലെ ഇന്ത്യ-പാക് യുദ്ധവേളയിൽ അദ്ദേഹത്തെ സേനയിലേക്ക് തിരികെ വിളിച്ചു. എട്ട് മാസത്തോളം ജാട്ട് ബറ്റാലിയനിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു.

സൈനിക ജീവിതത്തിലും തുടർകാലഘട്ടങ്ങളിലും ഒട്ടേറെ ബഹുമതികൾ അദ്ദേഹത്തിന് സമ്മാനിച്ചിട്ടുണ്ട്. പ്രധാനമന്ത്രി നരേന്ദ്രമോദിയും മുൻ ഉപരാഷ്ട്രപതി ഹാമിദ് അൻസാരിയും ഉൾപ്പെടെ പ്രമുഖരും അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

✪✪✪

KPCC ഭാരവാഹി യോഗം ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത് ചേരും. തദ്ദേശ തെരെഞ്ഞെടുപ്പിന് മിഷൻ 25 ന്റെ പുരോഗതിയാണ് പ്രധാന ചർച്ച. പുനഃസംഘടനയും സമകാലിക രാഷ്ട്രീയ സംഭവങ്ങളും ചർച്ചക്ക് വരും. PV അൻവറിന്റെ UDF പ്രവേശനവും ചർച്ചയായേക്കും.

✪✪✪

വയനാട് DCC ട്രഷറർ NM വിജയന്റെ മരണത്തിൽ ബത്തേരി MLA ഐ.സി ബാലകൃഷ്ണനെതിരെ ആത്മഹത്യാപ്രേരണാകുറ്റം ചുമത്തി കേസെടുത്തു. DCC പ്രസിഡന്റ് MD അപ്പച്ചൻ, KK ഗോപിനാഥൻ എന്നിവരുടെ പേരിലും കേസെടുത്തിട്ടുണ്ട്. വിജയന്റേതായി പുറത്തുവന്ന കത്തിന്റെ അടിസ്ഥാനത്തിലാണ് കേസ്.

✪✪✪

പെരിയ കൊലക്കേസിൽ ജയിൽമോചിതരായ നാല് CPIM നേതാക്കൾക്ക് കണ്ണൂരിൽ സ്വീകരണം നൽകി. ശിക്ഷയ്ക്ക് ഹൈക്കോടതി സ്റ്റേ അനുവദിച്ചത് CBI യ്ക്ക് തിരിച്ചടിയായെന്ന് സംസ്ഥാന കമ്മിറ്റി അംഗം P ജയരാജൻ പറഞ്ഞു. CPIM നേതാക്കൾക്കെതിരെ കെട്ടിച്ചമച്ച കേസിലാണ് വിചാരണക്കോടതിയിൽ നിന്ന് ശിക്ഷാ വിധി ഉണ്ടായതെന്ന് ജില്ലാ സെക്രട്ടറി MV ജയരാജനും അഭിപ്രായപ്പെട്ടു.

രാവിലെ കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും പുറത്തിറങ്ങിയ മുൻ MLA, കെ വി കുഞ്ഞിരാമൻ അടക്കം ജയിൽ മോചിതരായവരെ സ്വീകരിക്കാൻ

CPIMനേതാക്കളായ P.ജയരാജനും MV ജയരാജനും MV ബാലകൃഷ്ണനുമടക്കം നേതാക്കൾ ജയിൽ കവാടത്തിൽ  എത്തിയിരുന്നു.

✪✪✪

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ശബരിമലയിൽ തീർഥാടകപ്രവാഹം. തിരക്ക് നിയന്ത്രിക്കാൻ കൂടുതൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ശ്രിജി ശ്രീധർ.

.......വോയ്സ്..........

മകരവിളക്ക് മഹോത്സവത്തിന് ഇനി അഞ്ച് നാൾ മാത്രം ബാക്കി നിൽക്കേ തീർഥാടകപ്രവാഹമായി ശബരിമല.

സന്നിധാനം മുതൽ ശബരീപീഠം വരെ വരിനിൽക്കുന്ന തീർഥാടകരുടെ വലിയ പ്രവാഹം കാണാനാകും. പമ്പയിലെയും സ്ഥിതി മറിച്ചല്ല. തിരക്ക് നിയന്ത്രിക്കാൻ കൂടുതൽ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തി. വെർച്വൽ ക്യൂ, തത്സമയ ബുക്കിംഗ് എന്നിവ ഇനിയുള്ള ദിനങ്ങളിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. പമ്പാ മണൽപ്പുറത്തെ തിരക്ക് പരിഗണിച്ച് പമ്പയിലെ തത്സമയ ബുക്കിംഗ് കേന്ദ്രങ്ങൾ പൂർണമായും നിലയ്ക്കലിലേയ്ക്ക് മാറ്റി.11  ന് എരുമേലി പെട്ടതുള്ളൽ നടക്കുന്നതിനാൽ

11 മുതൽ 14 വരെ മുക്കുഴി കാനനപാത വഴി പേട്ട തുള്ളൽ സംഘത്തിൽ ഉള്ളവർക്ക് മാത്രമാകും പ്രവേശനം അനുവദിക്കുക.12 മുതൽ 15 വരെ പമ്പ ഹിൽ ടോപ്പിൽ പാർക്കിംഗ് ഒഴിവാക്കി ചാലക്കയം, നിലക്കൽ എന്നിവിടങ്ങളിൽ ക്രമീകരിക്കും. സന്നിധാനത്തും പരിസരപ്രദശങ്ങളിലും പർണശാല കെട്ടുന്ന തീർഥാടകർ കാട്ടുതീ പടരുന്നത് തടയാൻ ഭക്ഷണം പാചകം ചെയ്യുന്നതും വിലക്കിയിട്ടുണ്ട്.  ശബരിമല എഡിഎം അരുൺ എസ്.നായർ, ദേവസ്വം ബോർഡ് പ്രസിഡന്റ്  പി.എസ്. പ്രശാന്ത് എന്നിവരുടെ നേതൃത്വത്തിൽ മുന്നൊരുക്ക പ്രവർത്തനങ്ങളും ക്രമീകരണങ്ങളും വിലയിരുത്താൻ അവലോകനയോഗങ്ങളും ഇന്ന് സന്നിധാനത്തുനടന്നു.

✪✪✪

ശബരിമല സന്നിധാനത്ത് പൊലീസിന്റെ ആറാമത് ബാച്ച് രാവിലെ ചുമതലയേറ്റു. ജനുവരി 20 വരെ സന്നിധാനത്ത് ഡ്യൂട്ടി ചെയ്യുന്ന ഇവർ ഈ സീസണിലെ അവസാന ബാച്ച് ആണ്. 12 DYSPമാരുടെ കീഴിൽ 36 CIമാരും 105 SI, ASI മാരും 1450 സിവിൽ പോലീസ് ഓഫീസർമാരും അടങ്ങുന്നസംഘമാണ് വ്യാഴാഴ്ച ചുമതലയേറ്റത്.

✪✪✪

നേര്യമംഗലം ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായ കല്ലാർകുട്ടി അണക്കെട്ടിൽ വീണ്ടും വെള്ളം നിറഞ്ഞു. കഴിഞ്ഞ ഡിസംബർ 27നായിരുന്നു അണക്കെട്ടിലെ വെള്ളം പൂർണ്ണമായി വറ്റിച്ചത്.

വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

.......വോയ്സ്..........

കല്ലാർകുട്ടി അണക്കെട്ടിന്റെ ടണലിന് മുമ്പിൽ ഘടിപ്പിച്ചിരിക്കുന്ന ട്രാഷ് റാക്ക് കാലപ്പഴക്കത്തെ തുടർന്ന് മാറ്റി സ്ഥാപിക്കുന്ന ജോലികൾക്കായിട്ടായിരുന്നു ഡാമിലെ വെള്ളം പൂർണ്ണമായി ഒഴുക്കി കളഞ്ഞത്. അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കപ്പെട്ടതോടെ ഡാമിൽ വീണ്ടും വെള്ളം നിറയ്ക്കുകയായിരുന്നു. 1961 ലാണ് കല്ലാർകുട്ടി അണക്കെട്ട് കമ്മീഷൻ ചെയ്തത്. ഇവിടെ നിന്നും നേര്യമംഗലം ജലവൈദ്യുതി നിലയത്തിലേക്ക് വെള്ളം എത്തിക്കുന്ന ടണൽ മുഖത്തെ ട്രാഷ് റാക്ക് അക്കാലത്ത് സ്ഥാപിച്ചതാണ്. ഇടക്കിടെ തകരാറിലാകുന്ന ട്രാഷ് റാക്കിന്റെ അറ്റകുറ്റപ്പണികൾ നടത്തുകമാത്രമാണ് ഇതുവരെ ചെയ്തിരുന്നത്. കാലഹരണപ്പെട്ട ട്രാഷ് റാക്ക് മാറ്റി പുതിയത് സ്ഥാപിക്കുന്ന നടപടികൾ ആദ്യമായാണ് നടത്തിയത്.

✪✪✪

വയനാട് പുൽപ്പള്ളിയിൽ വീണ്ടും കടുവയിറങ്ങി. അമരക്കുനിയിലാണ് ഇന്ന് കടുവയെ കണ്ടത്. ഇന്നലെ പുൽപ്പള്ളി സ്വദേശിയുടെ ആടിനെ കടുവ കൊന്നിരുന്നു. പ്രദേശത്ത് കടുവയെ പിടികൂടാൻ വനംവകുപ്പ് കൂട് സ്ഥാപിച്ചിട്ടുണ്ട്.

✪✪✪

കണ്ണൂർ കണ്ണവം വനത്തിനകത്ത് വിറകിന് പോയി കാണാതായ സിന്ധുവിനായി തിരച്ചിൽ തുടരുന്നു. ഡിസംബർ 31 മുതലാണ് സിന്ധുവിനെ കാണാതായത്.

ഡ്രോൺ സംവിധാനവും ഡോഗ് സ്കോഡും ഉപയോഗിച്ച് ഇന്നലെ തിരച്ചിൽ നടത്തിയെങ്കിലും ഫലമുണ്ടായില്ല. വനം വകുപ്പും പോലീസും നാട്ടുകാരും തിരച്ചിൽ തുടരുന്നുണ്ട്

✪✪✪

കണ്ണൂർ ഇരിട്ടിക്കടുത്ത് പായം പഞ്ചായത്തിലെ ജനവാസകേന്ദ്രത്തിൽ ഇറങ്ങിയ രണ്ട് കാട്ടാനകളെ തുരത്തുന്ന ശ്രമം ഊർജ്ജിതമാക്കി.

രാവിലെയാണ് കാട്ടാനകൾ ജനവാസകേന്ദ്രത്തിൽ ഇറങ്ങിയത്. ജനങ്ങൾക്ക് ജാഗ്രത നിർദ്ദേശവും പ്രദേശത്തെ സ്കൂളുകൾക്ക് അവധിയും നൽകി

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader:അനിൽ ചന്ദ്രൻ*
*Casual News Reader : സബിത ആനന്ദ്*
*DEO: സുബോധ് സി കെ*